കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# ഒക്കൽ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.2)06/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം സിവിൽ
സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി :24.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- ഒക്കൽ ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.2)06/2020 തീയതി : 16.01.2020

**<u>എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ</u>**

**<u>2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>**

**<u>ഓഡിറ്റ് റിപ്പോർട്ട്</u>**

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)***

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ വിനോദ് കെ കെ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 09.12.2019മുതൽ<br>19.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. ഷേർളി പീറ്റർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീ.സന്തോഷ് കുമാർ കെ വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ഷൈബി ഇ ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | | |
|---|---|---|---|
| | | ശ്രീ.പ്രവീൺ വി എൻ | ഓഡിറ്റർ |
| | | ശ്രീ.അഭിലാഷ് എം ആർ. | ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.മേഴ്സി ജോർജ്ജ്. | 01.04.2018മുതൽ 22.11.2018 വരെ |
| | | ശ്രീ.ജോസ് വർഗ്ഗീസ് (വൈസ് പ്രസിഡന്റ് )ചാർജ് | 23.11.2018മുതൽ 13.02.2019 വരെ |
| | | ശ്രീമതി. രമ ബാബു | 14.02.2019 മുതൽ 31.03.2019 വരെ |
| വൈസ് പ്രസിഡന്റ് | : | ശ്രീ.ജോസ് വർഗ്ഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | | ശ്രീ.വി.എസ്.സുരേഷ്ബാബു. | 01.04.2018 മുതൽ 31.03.2019 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി.മഞ്ജു.കെ.ആർ | 01.04.2018മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | : | ശ്രീ.മധുസൂദനൻ.ടി.ജി. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.ബീതി ബാലചന്ദ്രൻ | 01.04.2018മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | : | ഡോ.രഞ്ജു ആന്റണി | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | : | ഡോ.ഗൗരികൃപ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | | ഡോ.അനുരാധ എ ആർ | 01.04.2018മുതൽ 06.04.2018 വരെ |
| | | ഡോ.ബിന്ദു തോമസ് | 06.04.2018മുതൽ 01.09.2018 വരെ |
| | | ഡോ.അനുരാധ എ ആർ | 01.09.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രി | : | ഡോ.ഡയാനമോൾ.പി.വി. | 01.04.2018മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | : | ശ്രീമതി. ജാസ്മിൻ | 01.04.2018മുതൽ 31.03.2019 വരെ |
| | | ശ്രീമതി.ആഷിഫ.കെ.എ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | : | ശ്രീ.അലിയാർ | 01.04.2018മുതൽ |

| | | | |
|---|---|---|---|
| ജി.എൽ.പി.എസ് | | | 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി. പ്രതിഭ മത്തായി | 01.04.2018മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | : | | 01.04.2018മുതൽ 18.07.2019 വരെയും 01.04.2018 മുതൽ 18.07.2019 വരെയും ഒഴിവ് |
| | | ശ്രീ.രഞ്ജിത്ത് ആർ | 19.07.2018മുതൽ 14.01.2019 വര |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപദ്ധതിയിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 13 | തെരുവ് വിളക്ക് മീറ്ററിംഗ്-പൂർത്തിയായില്ല | 1-13 |
| 14 | ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-14 |
| 15 | പാലത്തിന്റെ അപകടാവസ്ഥ സംബന്ധിച്ച ബഹുജനപരാതി - വിഷയം അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിച്ചില്ല | 1-15 |
| 16 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്ന | 1-16 |
| 17 | ലാപ് ടോപ്പ് വിതരണം-മാർഗ്ഗരേഖ പാലിക്കുന്നില്ല | 1-17 |
| 18 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 1-18 |
| 19 | ആസൂത്രണപ്രക്രിയയിൽ ആസൂത്രണസമിതി,വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മറ്റികളുടെ പങ്ക്-അവലോകനം | 1-19 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 20 | കന്നുകുട്ടി പരിപാലന പദ്ധതി | 1-20 |
| 21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി | 1-21 |
| 22 | തുല്യതാപരീക്ഷക്ക് ഫീസ് | 1-22 |
| 23 | വെള്ളക്കരം-ഭീമമായ കുടിശ്ശിക | 1-23 |
| 24 | ലക്ഷം വീട് കോളനിയുടെ ശോചനീയാവസ്ഥ -പുനരുദ്ധാരണ ഫണ്ട് ഉപയോഗിച്ചില്ല. | 1-24 |
| 25 | അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ് | 1-25 |
| 26 | കൃഷി -പദ്ധതികൾ | 1-26 |
| 27 | സമ്പൂർണ്ണ ഊർജ്ജസാക്ഷരതാ പൈലറ്റ് പ്രോജക്ട് -അനർട്ടിന് തുക നൽകി, പ്രോജക്ട് നടപ്പിലായില്ല | 1-27 |
| 28 | കേസുകളുടെ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-28 |
| | ഭാഗം 2 | |
| 29 | വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | 2-1 |
| | ഭാഗം 3 | |
| 30 | ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | 3-1 |
| | ഭാഗം 4 | |
| 31 | വാർഷികധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 32 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 35 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 36 | സ്ഥിര നിക്ഷേപം | 4-6 |
| 37 | ഓഡിറ്റ് റിക്കവറി | 4-7 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 39 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 44 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |
| 45 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

16.03.2018 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 17.05.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,14,96,491 |
| വരവ് | 66358932 |
| ആകെ | 7,7855423 |
| ചെലവ് | 6,3230268 |
| നീക്കിയിരിപ്പ് | 14625155 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13456562 | 13456562 | 13023309 | 433253 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3413000 | 3413000 | 1800894 | 1612106 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 78000 | 78000 | 0 | 78000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6462000 | 6462000 | 6462000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2857000 | 2857000 | 1563695 | 1293305 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6364000 | 6364000 | 6348633 | 15367 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 379293 | 15024 | 394317 | 0 | 394317 |
| ദുരിതാശ്വാസനിധി - | | 78468 | 7491 | 85959 | 37500 | 48459 |
| സാനിട്ടേഷൻ | | 116318 | 6276 | 122594 | 0 | 122594 |
| ജനകീയ ഭവനപദ്ധതി | | 130274 | 4620 | 134894 | 0 | 134894 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 25306354 | 25306354 | 25306354 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ്- | 6492 | 421689 | 428181 | 420090 | 8091 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 0 | 894800 | 894800 | 894800 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് | 600000 | 1675000 | 2275000 | 1549279 | 725721* |
| ബി ഫണ്ട് | | 0 | 257210 | 257210 | 257210 | 0 |
| തനത് ഫണ്ട് | SBI Sand Account | 3570374 | 3341974 | 6912348 | 2307025 | 4605323 |
| | E payment Current A/c SBI PBVR | 124765 | 6650425 | 6775190 | 4419908 | 2355282 |
| | Okkal Service Cooperative Bank | 5303151 | 15280932 | 20584083 | 15331046 | 5253037 |
| | Cooperative Bank CSCB | 112716 | 3969 | 116685 | 0 | 116685 |
| | Treasury Own Fund | 2948 | 0 | 2948 | 0 | 2948 |
| | STSB-04 Own fund | 875730 | 9021790 | 9897520 | 9425655 | 471865 |
| Cash | | 195962 | 45461817 | 45657779 | 45441840 | 215939 |

**കുറിപ്പ്**

1. ജനറൽ പർപ്പസ് ഗ്രാന്റ് ട്രഷറിയിലെ **STSB-04 (Own fund)**എന്ന അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്.
2. വിവിധ കേന്ദ്രാവിഷ്കൃത - സംസ്ഥാനാവിഷ്കൃത ഫണ്ടുകളിൽ പ്രത്യേക അക്കൗണ്ടുകൾ ഇല്ലാത്തവ പഞ്ചായത്ത് തനത് ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിരിക്കുന്നത്.

3. ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ടിൽ ജില്ലാ പഞ്ചായത്ത് വിഹിതം 2,19,800/-രൂപ വാർഷികധനകാര്യ പത്രികയിൽ ബ്ലോക്ക് വിഹിതത്തിൽ തെറ്റായി ഉൾപ്പെടുത്തിയത് കൂടാതെ 1,70,000/-രൂപ രണ്ട് പ്രാവശ്യം വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ തുകയിൽ വ്യത്യാസം ഉണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 76397373 | 116 | 43251608 | 10 | 22 | 78 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1. 28/19 തേനീച്ചകൃഷി (വനിത)
2. 142/19 ജലസേചനത്തിന് പമ്പ്സെറ്റ്
3. 34/19 പുതിയ പോസ്റ്റുകളിൽ എൽ ഇ ഡി സ്ഥാപിക്കൽ
4. 40/10 മൃഗാശുപത്രി വഴിക്ക് സ്ഥലം വാങ്ങൽ
5. 47/19 ബാലസഭ
6. 49/19 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ
7. 101/19 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനം
8. 113/19 കറവയന്ത്ര വിതരണം
9. 114/19 ബ്രോയിലർ യൂണിറ്റ്
10. 8/19 കേരളോത്സവം
11. 10/19 തെരുവ് വിളക്ക് മെയിന്റനൻസ്

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6491.80 | 421689 | 428180.80 | 420090 | 8090.80 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | ---- | 25306354 | 25306354 | 25306354 | ----- |
| ആകെ | 6491.80 | 25728043 | 25734534.80 | 25726444 | 8090.80 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15210 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 3906400 | 309 |
| വിധവാപെൻഷൻ | 10119400 | 868 |
| വാർദ്ധക്യകാലപെൻഷൻ | 26367400 | 2372 |
| വികലാംഗപെൻഷൻ | 3807800 | 324 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 645200 | 52 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.12.2019 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നട<u>ത്തു</u>കയുണ്ടായി. പരിശോധനയിൽ 13,975/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമല്ല. എെ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചതിന്റെ ഭാഗമായി ഫയലുകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്. ആഭ്യന്തര നിയന്ത്രണത്തിന്റെ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1. **<u>ലൈസൻസ്</u>**

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നെങ്കിലും 2018-19ലേക്കുള്ള ലൈസൻസ് നൽകിയിട്ടുള്ളത് മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരമല്ല.

2. **ഡിമാന്റ് രജിസ്ററുകൾ സൂക്ഷിക്കുന്നില്ല**

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ധാരാളം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും തൊഴിൽ നികുതിയിനത്തിലെ വരുമാനത്തിൽ അത് പ്രതിഫലിക്കുന്നില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. **ഡെപ്പോസിറ്റ് തുകകൾ ബാലൻസ് ഷീറ്റിൽ ചേർക്കുന്നില്ല**

മുൻകാലങ്ങളിൽ വിവിധ ഏജൻസികൾക്ക് നൽകിയ ഡെപ്പോസിറ്റ് തുകകൾ ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല. ഉദാ.അനർട്ടിന് 2008-09 ൽ നൽകിയ 3.5 ലക്ഷം രൂപ.

4. **ഓഫീസ് പ്രവർത്തനാവലോകനം കാര്യക്ഷമമല്ല**

സ്റ്റിയറിംഗ് കമ്മറ്റി മീറ്റിംഗ്, ഓഫീസ് മീറ്റിംഗ് എന്നിവ കൃത്യമായ ഇടവേളകളിൽ കൂടി ഓഫീസ് പ്രവർത്തനാവലോകനം നടത്തുന്നില്ല. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ സെക്ഷനിലേയ്ക്ക് നല്കുന്നുണ്ടെങ്കിലും ജീവനക്കാർ പേഴ്സണൽ രജിസ്ററർ എഴുതുന്നില്ല എന്നതിനാൽ ലഭിച്ച തപാലുകൾ തീർപ്പാക്കിയോ എന്നറിയാൻ സാധ്യമല്ല. തപാലുകളുടെ തുടർനടപടികളുടെ കൃത്യതയും, സുതാര്യതയും ഉറപ്പാക്കാൻ സൂചിക എന്ന സോഫ്റ്റ് വെയർ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ സംവിധാനവും ഉപയോഗിക്കുന്നില്ല. 2018-19 കാലയളവിലെ പഞ്ചായത്ത് കമ്മറ്റി മിനിറ്റ്സിൽ പരിഗണിച്ചിരിക്കുന്ന എല്ലാ അജണ്ടകളുടേയും ഫയൽ നമ്പർ 168/18 എന്നതാണ്. എന്നാൽ ഇതൊരു സാങ്കൽപിക നമ്പർ മാത്രമാണ്, ഈ നമ്പറിൽ ഒരു ഫയൽ യഥാർത്ഥത്തിൽ പരിശോധനയ്ക്ക് ലഭിച്ചില്ല. ധാരാളം പൊതുജന പരാതികളും, വിവരാവകാശ അപേക്ഷകളും ലഭിക്കുന്ന പഞ്ചായത്തിൽ ജോലി വിഭജനം, ഫയൽ കൈകാര്യം ചെയ്യൽ എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ട്.

5. **പ്രളയത്തിൽ നഷ്ടമായ ഫയലുകൾ**

2018-19 ലെ മിക്കവാറും എല്ലാ രേഖകളും-ഫയലുകൾ, വൗച്ചറുകൾ, രജിസ്റ്ററുകൾ. എന്നിവ പരിശോധനയ്ക്കായി ലഭിച്ചു. എന്നാൽ പെർമിറ്റ് സംബന്ധിച്ച കുറെ ഫയലുകൾ നഷ്ടപ്പെട്ടു എന്നാണ് അറിയിച്ചത്. നഷ്ടപ്പെട്ട ഫയലുകളുടെ പട്ടിക തയ്യാറാക്കി കമ്മറ്റിയുടെ അറിവിലേയ്ക്കായി നൽകിയിട്ടില്ല. കെട്ടിടങ്ങളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് പെർമിറ്റ് ഫയലുകൾ അത്യന്താപേക്ഷിതമാണ്. നിലം നികത്തൽ, അനധികൃത നിർമ്മാണങ്ങൾ എന്നിവ സംബന്ധിച്ച് നിരവധി പൊതുജന പരാതികളും വിവരാവകാശ ചോദ്യങ്ങളും പതിവായതിനാൽ ഈ വിഷയത്തിൽ ഗൗരവമായ ഇടപെടൽ ആവശ്യമാണ്. ഉദാ.വാർഡ് 10 ൽ എം സി റോഡിനടുത്ത് ചേലാമറ്റം

വില്ലേജിലെ ബ്ലോക്ക് 8 ൽ വിവിധ സർവ്വേ നമ്പരുകളിലായി കിടക്കുന്ന സ്ഥലത്ത് നിലവിലുള്ള വ്യവസായികാവശ്യത്തിനുള്ള 4450ചതു. മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ (X/357) മേൽക്കൂര മാറ്റൽ എന്ന പ്രവൃത്തിക്ക് ശ്രീ അറാഫത്ത് എം. എ എന്നയാൾക്ക് 29-5-14 ലും പിന്നീട് 28-5-17 ലും പെർമിറ്റ് പുതുക്കി നൽകിയിട്ടുണ്ട്. എന്നാൽ ഈ സ്ഥലത്ത് മറ്റ് നിർമ്മാണ പ്രവർത്തികളാണ് നടക്കുന്നതെന്ന നിരവധി പരാതികൾ ഫയലിൽ കാണാം. ഇതിലൊന്ന് തീർപ്പാക്കിയിട്ടുമുണ്ട്. നഷ്ടപ്പെട്ട പെർമിറ്റ് ഫയലുകളിൽ ഇതും ഉൾപ്പെടുന്നുണ്ട്. നിർമ്മാണം പൂർത്തിയായി കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുന്ന സമയത്ത് ഏതു തരം നിർമ്മാണത്തിനാണ് പെർമിറ്റ് നൽകിയതെന്ന് ഉറപ്പാക്കാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതാണ്. കെട്ടിടങ്ങളുടെ കംപ്ലീഷൻ നൽകുന്നത് നിലവിൽ സെക്ഷൻ ക്ളാർക്ക് ആണ്. സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ഈ പ്രവൃത്തിഎഞ്ചിനീയറിംഗ് വിഭാഗം ചെയ്യേണ്ടതാണ്.

<u>പദ്ധതി മോണിറ്ററിംഗ്</u>

പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ വ്യക്തമായ മോണിറ്ററിംഗ് വർക്കിംങ് ഗ്രൂപ്പുകൾ നടത്തുന്നില്ല. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവവും ഫലപ്രദവുമായ മോണിറ്ററിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. മോണിറ്ററിംഗ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന് ഒരു സ്റ്റേറ്റ്മെന്റിൽ മോണിറ്ററിംഗ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.11.2019 | 01.10.2019മുതൽ 31.10.2019വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.03.2018 മുതൽ | 2012-13 മുതൽ 2016-17 വരെ | 18.05.2018 |

| | | | |
|---|---|---|---|
| | 04.04.2018 വരെ | | |

.

# 1-11 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ ഈടാക്കാത്തത് സംബന്ധിച്ച്.

(1) താഴെപ്പറയുന്ന സ്ഥാപനങ്ങളില ജീവനക്കാരുടെ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്തത് | അർദ്ധ വർഷം |
|---|---|---|---|
| 1 | ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക് ലി., വല്ലം ബ്രാഞ്ച് | സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 2 | വല്ലം ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലി., ഒക്കൽ | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 3 | ഒക്കൽ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം, ഒക്കൽ | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 4 | ചേരാനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ലി., എടവൂർ പി.ഒ | സ്ഥാപന തൊഴിൽ നികുതി | 1, 2 |

(2) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 11.04.2019 ലെ എ4-1407/2019 നമ്പർ വിവരാവകാശ നിയമ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ താഴെപ്പറയുന്ന ഉടസ്ഥരുടെ പേരിൽ 5 ഓഡിറ്റോറിയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | വിൽസൺ & ബെന്നി, കുന്നത്താൻ, ഒക്കൽ പി.ഒ |
| 2 | ജോസ്, വൈ.എം.സി.എ കുടുംബസമിതി, പെരുമറ്റം |
| 3 | പ്രസിഡന്റ്, സർവ്വീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, ഒക്കൽ |
| 4 | പ്രസിഡന്റ്/സെക്രട്ടറി, ചേലാമറ്റം ദേവസ്വം ട്രസ്റ്റ്, ചേലാമറ്റം |
| 5 | ബിജു കർണ്ണൻ, കുറവുംപാടത്ത് വീട്, ഒക്കൽ |

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 20.12.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20 ന് മറുപടി ലഭിച്ചിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 തെരുവ് വിളക്ക് മീറ്ററിംഗ്-പൂർത്തിയായില്ല

പ്രോജക്റ്റ് നമ്പർ : 30/19

നിർവ്വഹണം : സെക്രട്ടറി

ആകെ ചെലവ്: 10,00,000/- രൂപ

തെരുവ് വിളക്കുകളുടെ മീറ്ററിംഗ് നടപ്പാക്കുന്നതിനായി മേൽ പദ്ധതി പ്രകാരം 10,00,000/-രൂപ K.S.E.B.ക്ക് 2018-19 സാമ്പത്തികവർഷത്തിൽ കൈമാറിയിട്ടുണ്ട്. തുക കൈപ്പറ്റിയതായി അറിയിച്ചുകൊണ്ടുള്ള K.S.E.B യുടെ 06-11-2019 ലെ DB-06/Street lights/2019-20 നമ്പർ കത്തിൽ 2017-18 സാമ്പത്തികവർഷത്തിലും ഈയിനത്തിൽ 8,00,000/- രൂപ കൈപ്പറ്റിയിട്ടുണ്ടെന്നും, ഈയിനത്തിൽ ഇനി ഫണ്ട് നൽകേണ്ടതില്ല എന്നും അറിയിച്ചിരിക്കുന്നു. തുക കൈമാറിയ വിവരങ്ങളല്ലാതെ പ്രൊജക്റ്റിനൊപ്പം മറ്റ് വിവരങ്ങളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എത്ര തെരുവ് വിളക്കുകൾക്കാണ് മീറ്റർ വയ്ക്കേണ്ടത് എന്ന് കെ.എസ്.ഇ.ബി. യെ അറിയിച്ചതായി കാണുന്നില്ല. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് നടത്തുന്നതിന് K.S.E.B യുമായി യൂണിറ്റിന് ഏത് നിരക്കിലാണ് ധാരണയിലെത്തിയിട്ടുള്ളത്, ഇത് വരെ എത്ര തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്, എത്രയെണ്ണം ബാക്കി നിൽക്കുന്നു എന്നീ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് എൻക്വയറി നല്കിയിരുന്നു (എൻക്വയറി നമ്പർ 3). എന്നാൽ കൃത്യമായ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. യുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. അതിനാൽ തന്നെ കൃത്യമായ ഒരു പൂർത്തീകരണത്തിയതി നിഷ്കർഷിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല.

കെ.എസ്.ഇ.ബി. യുമായി ബന്ധപ്പെട്ട് അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയവരിൽ താഴെ പറയുന്നവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ആനുകൂല്യം കൈപ്പറ്റിയവരുടെ പേര് | പ്രോജക്ട് നമ്പർ/ ബിൽ നം. | കൈപ്പറ്റിയ തുക | പരാമർശം |
|---|---|---|---|---|
| 1 | ശ്രീമതി. ഇന്ദിര ചന്ദ്രൻ, പാറമാലി വീട്, ഒക്കൽ പി.ഒ, വാർഡ്- 9 | 45/18-19, 1/18-19, 14.06.2018 | 40,000 | ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. |
| 2 | ശ്രീമതി. തങ്കമ്മ, അരക്കാലൻകുടി, കുവപ്പടി പി.ഒ, കൂടാലപ്പാട്. വാർഡ്-7 | 99/18-19 2/18-19, 30.05.18 7/18-19, 21.07.18 | 2,00,000 | ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. |

മേൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പാലത്തിന്റെ അപകടാവസ്ഥ സംബന്ധിച്ച ബഹുജനപരാതി - വിഷയം അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിച്ചില്ല

ഒക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 8 ൽ ആന്റോപുരം പള്ളിക്ക് സമീപം പെരിയാർ വാലി കനാലിന് കുറുകെയുള്ള പാലം അതീവ ഗുരുതരാവസ്ഥയിലാണെന്നുകാണിച്ച് 225 തദ്ദേശവാസികൾ ചേർന്ന് 05-04-2016 ൽ പഞ്ചായത്തിൽ പരാതി നല്കിയിരുന്നു (പരാതി രസീത് നമ്പർ 2761). പാലത്തിന്റെ അടിവശം സിമന്റ് ഇളകി കമ്പികൾ തുരുമ്പിച്ച് വെളിയിൽ കാണുന്നത് വ്യക്തമാകുന്ന തരത്തിലുള്ള ചിത്രങ്ങൾ സഹിതമാണ്

പരാതി നല്കിയിട്ടുള്ളത്. ഇതിലൂടെയുള്ള ബസ് സർവീസ് പാലത്തിന്റെ അപകടാവസ്ഥ മൂലം ഒരു വർഷം മുൻപ് നിർത്തിവച്ചിട്ടുള്ളതാണെന്നും, എന്നാൽ ഭാരവണ്ടികളും സ്കൂൾ ബസുകളും, കുട്ടികളെയും കൊണ്ടുപോകുന്ന ഓട്ടോറിക്ഷകളും ഉൾപ്പെടെ നിരവധി വാഹനങ്ങൾ ഇപ്പോഴും ഈ പാലത്തിലൂടെ കടന്നുപോകുന്നതായും സൂചിപ്പിച്ചിരിക്കുന്നു. 1965 ൽ പണിത ഈ പാലം ഇത് വരെ അറ്റകുറ്റപ്പണികൾ ഒന്നു നടത്താത്തതാണെന്നും പാലം ഏത് നിമിഷവും നിലം പൊത്താമെന്നുമുള്ള ആശങ്ക ഈ പരാതിയിൽ പങ്കുവെക്കപ്പെടുന്നുണ്ട്. പാലം അടിയന്തിരമായി പുതുക്കിപ്പണിയണമെന്ന ആവശ്യമാണ് പ്രദേശവാസികൾ മുന്നോട്ട് വച്ചിരുന്നത്. ജില്ലാ പഞ്ചായത്ത് മെമ്പർക്ക് നല്കിയ പരാതിയുടെ പകർപ്പ് ആയിട്ടാണ് ഒക്കൽ പഞ്ചായത്തിലും പരാതി സമർപ്പിച്ചിട്ടുള്ളത്. എന്നാൽ പരാതിയുടെ അടിയന്തിരസ്വഭാവം കണക്കിലെടുത്ത് പഞ്ചായത്ത് കമ്മിറ്റി ഇത് ഗൗരവമായി പരിശോധിക്കേണ്ടതായിരുന്നു. മാത്രമല്ല ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ പാലം പഞ്ചായത്തിന്റെ ആസ്തിയിൽ പെടുന്നതായും ബോധ്യപ്പെട്ടു. ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. തുടർന്ന് 04-09-2019 ൽ പരാതിക്കാരിൽ ഒരാളായ സതീശൻ കണ്ണോത്തുകുടി എന്ന വ്യക്തി പരാതിയിന്മേൽ പഞ്ചായത്ത് കൈക്കൊണ്ട തീരുമാനം വിവരാവകാശനിയമപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് പഞ്ചായത്ത് നല്കിയ മറുപടി 2018 ൽ ഉണ്ടായ പ്രളയത്തിൽ പരാതികൾ സംബന്ധിച്ച ഫയലുകൾ നഷ്ടമായതിനാൽ 05-04-2016 ൽ സമർപ്പിച്ച പരാതിയുടെ തുടർനടപടികൾ ഈ ഓഫീസിൽ ലഭ്യമല്ല എന്നതാണ്. പ്രളയം 2018 ആഗസ്റ്റ് മാസത്തിലാണ് ഉണ്ടായതെന്നിരിക്കെ അതിന് രണ്ടു വർഷം മുൻപ് ലഭിച്ച അടിയന്തിരപ്രാധാന്യമുള്ള പരാതിയിന്മേൽ പഞ്ചായത്ത് നടപടികൾ കൈക്കൊള്ളാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമല്ല. പിന്നീട് 2019 ൽ വിവരാവകാശനിയമപ്രകാരം ലഭിച്ച പരാതിയിന്മേലും യുക്തമായ നടപടികൾ സ്വീകരിക്കുകയുണ്ടായില്ല. അടിയന്തിരമായി സ്ഥലപരിശോധന നടത്തി നിജസ്ഥിതി ഉറപ്പുവരുത്തേണ്ടതും പരാതിയിൽ സൂചിപ്പിച്ച വിവരങ്ങൾ ശരിയെങ്കിൽ പാലത്തിലൂടെയുള്ള വാഹനഗതാഗതത്തിന് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതുമായിരുന്നു. വിവരാവകാശനിയമപ്രകാരമുള്ള പരാതിയിന്മേൽ പ്രാഥമികമായ ഒരു മറുപടി സമയപരിധി ലംഘിക്കാതെ നല്കുകയും പിന്നീട് വിഷയം പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ചചെയ്ത് നടപടികളെടുക്കുകയും ആയിരുന്നു വേണ്ടത്. ഇതൊന്നും ചെയ്യാതെ വിഷയത്തിന്റെ ഗൗരവം ചോർത്തിക്കളയുന്ന രീതിയിൽ വളരെ ലാഘവത്തോടെ പഴയ പരാതി സംബന്ധിച്ച ഫയലുകൾ ലഭ്യമല്ല എന്ന ഒരു മറുപടിയാണ് പരാതിക്കാരന് നല്കിയത്. മേൽ വീഴ്ച സംബന്ധിച്ച് വിശദീകരണം തേടിക്കൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല (എൻക്വയറി നമ്പർ 14). ഓഡിറ്റ് ടീം സ്ഥലം സന്ദർശിച്ചപ്പോൾ സ്കൂൾ ബസുകൾ ഉൾപ്പെടെ നിരവധി വാഹനങ്ങൾ കടന്നുപോകുന്ന പാലമാണിതെന്ന് ബോധ്യപ്പെട്ടു. പാലത്തിന്റെ കൈവരി ഇരുഭാഗത്തും തകർന്നിട്ടുള്ളതായും അടിഭാഗത്ത് കമ്പികൾ

തെളിഞ്ഞുനിൽക്കുന്നതായും കാണുന്നു. തദവസരത്തിൽ അവിടെയുണ്ടായിരുന്ന പരിസരവാസികൾ പാലത്തിന്റെ സുരക്ഷ സംബന്ധിച്ച ആശങ്ക ഓഡിറ്റ് ടീമിനോട് പങ്കുവക്കുകയും ചെയ്തു. അതിനാൽ പഞ്ചായത്തിന്റെ എൻജിനീയറിംഗ് വിഭാഗം അടിയന്തിരമായി പാലം പരിശോധിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും ഇതിന്മേൽ പഞ്ചായത്ത് കമ്മിറ്റി യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-16 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

2018-19 സാമ്പത്തിക വർഷത്തിൽ താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് ഏജൻസികൾക്ക് തുക നല്കിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുകയുണ്ടായില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നമ്പർ | പ്രവൃത്തി | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 36/19 | വൈദ്യുതിപോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 38/14-3-19 (29184/-) &46/28-3-19 (6615/-) | 35799 | K.S.E.B., ഒക്കൽ |
| 2 | 32/19 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 35/6-3-19 | 889000 | K. W.A.P.H. Dvision, Aluva |
| 3 | 38/19 | തെരുവ് വിളക്കുകൾക്ക് പുതിയ പോസ്റ്റ് സ്ഥാപിക്കൽ | 36/6-3-19 | 63755 | K.S.E.B., ഒക്കൽ |
| 4 | 30/19 | തെരുവ വിളക്ക് മീറ്ററിംഗ് | 25/15-11-18 | 1000000 | K.S.E.B., ഒക്കൽ |
| 5 | 153/19 | ലൈൻ എക്സ്റ്റൻഷൻ | 33/6-3-19 | 45902 | K.S.E.B., ഒക്കൽ |
| 6 | 108/19 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 10/26-6-18 | 200000 | K. W.A.,P.H. Dvision, Aluva |
| | | | ആകെ | 2234456 രൂപ | |

വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ മേൽ തുക 22,34,456/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-17 ലാപ് ടോപ്പ് വിതരണം-മാർഗ്ഗരേഖ പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം. | S011/19 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം |
| അടങ്കൽ | 7,20,000/-(7,10,000/-എസ് സി പി, 10,000/- തനത് ഫണ്ട്) |
| ചെലവ് | 5,88,925/- |
| ബിൽ നമ്പർ | 04/18-19 തീയതി 19.03.2019 തുക 494697/-<br>07/18-19 തീയതി 23.03.2019 തുക 94228/- |

സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/2018 ത സ്വ ഭ വ തീയതി 14.02.2018 ഖണ്ഡിക 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനിയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൌണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പിന് അർഹത. ഖണ്ഡിക നമ്പർ 7.2.9 പ്രകാരം പാരലൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ആരതി എം കെ, മാങ്ങാറി, ഒക്കൽ പി ഒ എന്ന ഗുണഭോക്താവ് തെക്കിനി കൃപ ആയുർകേന്ദ്ര, കോതമംഗലം എന്ന സ്ഥാപനത്തിൽ BSS Diploma in Ayurveda Nursing, Panchakarma Therapy and Yoga എന്ന കോഴ്സാണ് പഠിക്കുന്നത്.
2. ശിഖ കെ ബി, കുളത്തുങ്കമാലി, ഒക്കൽ എന്ന വിദ്യാർത്ഥിനി ഡോൺബോസ്കോ ഹോസ്പിറ്റൽ, നോർത്ത് പറവൂർ -ൽ ജനറൽ നേഴ്സിംഗ് & മിഡ് വൈഫറി കോഴ്സ് വിദ്യാർത്ഥിനിയാണ്.
3. അനന്തു ശശി, അമ്പലത്തുമാലി, ഒക്കൽ എന്ന വിദ്യാർത്ഥി നിർമ്മൽജ്യോതി കോളേജ്, പെരുമ്പാവൂർ എന്ന പാരലൽ കോളേജിലെ ബിരുദ വിദ്യാർത്ഥിയാണ്. ടിയാൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/ 16.12.2019)ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1, 2 വിദ്യാർത്ഥികൾ 3 വർഷ കോഴ്സ് പഠിക്കുന്നതിനാലാണ് ആനുകൂല്യം നൽകിയതെന്നാണ് പറഞ്ഞിട്ടുള്ളത്.

പദ്ധതികൾ നടപ്പാക്കുമ്പോൾ മാർഗ്ഗരേഖ ലംഘിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. അനന്തു ശശി എന്ന വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കുന്നത് വരെ 23,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-18 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി

| | |
|---|---|
| പ്രോജക്ട് നം. | S023/19 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി<br>& വിത്ത് വിതരണം |
| അടങ്കൽ | 2147400/-( 610400/-വികസന ഫണ്ട്-സാധാ,<br>425,000/- ജില്ലാ പഞ്ചായത്ത്,<br>1112000/-മറ്റുള്ളവ-) |
| ചെലവ് | 1035400/- |
| ബിൽ നമ്പർ/ചെക്ക് നമ്പർ | 04/18-19 തീയതി 01.12.2018 തുക 95,400/-<br>05/18-19 തീയതി 17.01.2019 തുക 1,70,000/-<br>06/18-19 തീയതി 16.02.2019 തുക 2,55,000/-<br>07/18-19 തീയതി 16.02.2019 തുക 48,600/-<br>13/18-19 തീയതി 25.03.2019 തുക 41,400/-<br>1655380 തീയതി 22.02.2019 തുക 1,70,000/-<br>1655379 തീയതി 16.02.2019 തുക 2,55,000/- |

കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതിയിൽ നെൽകൃഷിക്ക് വിത്ത് വിതരണം ചെയ്യുകയും കൂലിച്ചെലവ് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ അപേക്ഷകളിൽ ഒന്നിലും കൃഷി ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് ഇല്ല. കൃഷി ചെയ്ത സ്ഥലത്തിന് ഹെക്ടർ ഒന്നിന് 17,000/-രൂപ വരെയാണ് സബ്സിഡി നൽകേണ്ടത്. എന്നാൽ ഫയലിൽ ഒരിടത്തും എത്ര സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടില്ല. കർഷകർ സമർപ്പിച്ച അപേക്ഷകൾ ഭൂരിഭാഗവും അപൂർണ്ണമാണ്. ശ്രീമതി ഏലമ്മ ദേവസ്സി, എടത്തല എന്ന വ്യക്തിയുടെ അപേക്ഷയിൽ പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പേര് മാത്രം രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷയിൽ എന്ത് അടിസ്ഥാനത്തിലാണ് പരിശോധനാ റിപ്പോർട്ട് പോലും ഇല്ലാതെ 3,808/- രൂപ ആനുകൂല്യം അനുവദിച്ച് നൽകിയതെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട്

നൽകിയ 16.12.2019 ലെ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വേറെ അപേക്ഷ സൂക്ഷിച്ചിട്ടുണ്ടെന്നും പ്രളയ സമയത്ത് ഫയലുകൾ ക്രമം തെറ്റിയതാണെന്നുമാണ് വിശദീകരിച്ചത്. ഇത്തരം മറുപടികൾ യുക്തിക്ക് നിരക്കുന്നതല്ല. കൃഷി ഓഫീസറോ മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ കൃഷിയിടം പരിശോധിച്ച് അർഹത വിലയിരുത്തുന്നതിന്റെ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. സർക്കാർ മാർഗ്ഗരേഖ പാലിച്ചും പദ്ധതികൾ യഥാവിധി മോണിട്ടറിംഗ് നടത്തിയും മാത്രം ആനുകൂല്യം നൽകുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-19 ആസൂത്രണപ്രക്രിയയിൽ ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മറ്റികളുടെ പങ്ക് അവലോകനം

ജി.ഒ. (എം.എസ്) 10/2017/ത.സ്വ.ഭ.വ /09.01.2017 ഉത്തരവിലാണ് 2017-2022 പഞ്ചവത്സര പദ്ധതിക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർണ്ണായക ഘടകങ്ങളായ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ രൂപീകരണം മേൽ ഉത്തരവ് പ്രകാരമായിരുന്നു. പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷത്തെ മേൽ ഘടകങ്ങളുടെ പ്രവർത്തനം പദ്ധതി രൂപീകരണത്തിന് ഏറെയൊന്നും സഹായകമായിരുന്നില്ല. ഇവയുടെ പ്രവർത്തനം വിലയിരുത്തൽ പഞ്ചായത്തിന്റെയും ആസൂത്രണ സമിതിയുടെയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ആസൂത്രണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണസമിതിയെ സഹായിക്കുക എന്നിവയാണ് ആസൂത്രണ സമിതിയുടെ പ്രധാന ചുമതല. ഓഡിറ്റ് വർഷത്തിൽ ആസൂത്രണ സമിതി 16-12-17 ന് ശേഷം യോഗം ചേർന്നിട്ടില്ല. ആദ്യത്തെ യോഗതീരുമാനങ്ങളോ, ചർച്ചകൾ സംബന്ധിച്ച വിശദാംശങ്ങളോ മിനിറ്റ്സിൽ ചേർത്തിട്ടില്ല. അതിനാൽ തന്നെ തൻവർഷ പദ്ധതി രൂപീകരണത്തിലൊ, നിർവ്വഹണത്തിലൊ, ഏകോപനത്തിലൊ ആസൂത്രണസമിതിയുടെ പങ്കാളിത്തം ഇല്ലായിരുന്നു. വർഷാവസാനത്തെ തിരക്ക് പിടിച്ച ചെലവ് ഒഴിവാക്കാൻ നിർവ്വഹണ കലണ്ടർ കാലേക്കൂട്ടി തയ്യാറാക്കണം എന്ന നിർദ്ദേശം നടപ്പിലായതായി കാണുന്നില്ല. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ വേണ്ട ഇടപെടലുകൾ നടത്തുക, വാർഡ് തല ജാഗ്രതാസമിതി, വാർഡ് വികസന സമിതി എന്നിവ കാര്യക്ഷമമാക്കൽ തുടങ്ങിയ വിഷയങ്ങളിലൊന്നും തന്നെ ആസൂത്രണ സമിതിയുടെ പങ്കാളിത്തം ഉണ്ടായിട്ടില്ല. മിനിറ്റ്സ് ബുക്കിന്റെ പേജുകളിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി രൂപീകരണത്തിൽ ഗുണപരമായ യാതൊരു ഇടപെടലുകളും ആസൂത്രണസമിതി 2018-19ൽ നടത്തിയിട്ടില്ല. 13 ാം പഞ്ചവത്സര പദ്ധതിയുടെ വികസന രേഖ ആസൂത്രണ സമിതി അംഗങ്ങൾക്ക് നൽകിയിട്ടുണ്ടോ, സ്റ്റാറ്റസ് റിപ്പോർട്ട് പദ്ധതി

രൂപീകരണത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല. സ്റ്റാറ്റസ് റിപ്പോർട്ട്. തയ്യാറാക്കിയത് പ്രളയത്തിൽ നഷ്ടപ്പെട്ടു എന്ന മറുപടിയാണ് ലഭിച്ചത്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ സംഘടിപ്പിക്കുക, അധികവിഭവ സമാഹരണ സാദ്ധ്യത കണ്ടെത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയെ സഹായിക്കുക, സ്റ്റേക്ക് ഹോൾഡർമാർ, ബാങ്ക്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി കൂടിയാലോചന നടത്തുക, പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, എന്നിവരെയൊക്കെ കണ്ടെത്തുന്നതിന് സഹായിക്കുക എന്നീ പ്രവർത്തനങ്ങളൊന്നും ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി രേഖപ്പെടുത്തിയിട്ടില്ല. ആസൂത്രണസമിതിയുടെ പ്രവർത്തനം എന്താണോ ലക്ഷ്യമിട്ടത്, അത്തരത്തിൽ യാതൊരു നേട്ടങ്ങളും ഉണ്ടായില്ല എന്നതാണ് വസ്തുത. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനടുത്ത്, എംസി റോഡ് കടന്നുപോകുന്ന വ്യവസായപ്രാധാന്യമുള്ള പഞ്ചായത്ത് എന്ന നിലയിൽ നിരവധിയാളുകൾ നിത്യേന കടന്നുപോകുന്ന പഞ്ചായത്ത് പരിധിയിൽ മാലിന്യപ്രശ്നം രൂക്ഷമാണെങ്കിലും, പരിഹാരമായി സുസ്ഥിരമായ ഒരു പ്രോജക്ട് നടപ്പിലാക്കാൻ കഴിഞ്ഞില്ല. സ്വാശ്രയസംഘങ്ങൾ രൂപീകരിച്ച് തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കാനുള്ള ശ്രമങ്ങളും നടന്നില്ല. വ്യാപകമായ തോതിൽ കൃഷി ഭൂമി അനധികൃതമായി നികത്തുന്നതായി നിരവധി പരാതികളും, വിവരാവകാശ അപേക്ഷകളും ലഭിക്കുന്നുണ്ടെങ്കിലും ഇതിനെതിരെ കൃത്യമായ നിലപാടെടുക്കാൻ ശ്രമിച്ചിട്ടുമില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ മനസ്സിലാക്കി പ്രൊജക്ടുകൾ തയ്യാറാക്കുക, പ്രൊജക്ടുകളുടെ നിർവഹണത്തിൽ വിവിധ മുൻഗണനകൾ പാലിക്കുക, നിർവഹണം വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക, പദ്ധതി രൂപീകരണവേളയിൽ നവമാധ്യമങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുക, ഗ്രാമസഭ, വികസന സെമിനാർ എന്നിവയ്ക്ക് വേണ്ട അക്കാദമിക് സഹായം നൽകുക, ഓരോ പ്രോജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാദ്ധ്യത, വിജയസാദ്ധ്യത, എന്നിവ പരിശോധിക്കുക ഇവയെല്ലാമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല. 2018-19 ൽ രണ്ടു തവണ (2-10-18,19-12-18) വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. അംഗങ്ങളുടെ പങ്കാളിത്തക്കുറവ്, നൂതനവും, പ്രായോഗികവും, പഞ്ചായത്തിന്റെ സവിശേഷതകൾക്ക് അനുസൃതവുമായ പദ്ധതി നിർദ്ദേശങ്ങളുടെ അഭാവം മൂലം ഈ ഘടകങ്ങളുടെ പ്രവർത്തനം നാമമാത്രമായിരുന്നു. സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് 19 ഉം മൃഗസംരക്ഷണ ക്ഷീര വികസന ഗ്രൂപ്പ് 9 നല്ല നിർദ്ദേശങ്ങളും മുന്നോട്ടു വെച്ചിരുന്നെങ്കിലും അവയിൽ ഒന്നു പോലും പ്രാവർത്തികമായില്ല. ഐ സി ഡി എസ് നടപ്പാക്കിയത് രണ്ട് പദ്ധതികൾ – ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, പൂരകപോഷകാഹാരം – മാത്രമാണ്. പ്രളയശേഷമാണ് രണ്ട് തവണ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ചേർന്നതെങ്കിലും പ്രളയബാധിത അങ്കണവാടികൾ പുനരുദ്ധരിക്കുന്നതിനും, തകർന്നുപോയ കാർഷിക, ക്ഷീരമേഖല എന്നിവയ്ക്ക് കൈത്താങ്ങാകാനും ഉതകുന്നവിധം നിലവിലുണ്ടായിരുന്ന പദ്ധതികൾ പരിഷ്കരിക്കാൻ ശ്രമിച്ചില്ല. 3 പദ്ധതികളിലായി നൽകിയ വളം (വേപ്പിൻ പിണ്ണാക്ക്, ഡോളമൈറ്റ്) ഗുണമേന്മ കുറഞ്ഞതാണെന്ന കർഷകരുടെ പരാതിയും ഗൗരവമായെടുത്തില്ല.

പൊതുവെ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമായിരുന്നില്ല. ദാരിദ്ര്യ ലഘൂകരണം, കൃഷി, പൊതുമരാമത്ത്, വനിതാ വികസനം, പട്ടികജാതി വികസനം, കുടിവെള്ളം, ശുചിത്വം പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ ശരാശരിയിൽ താഴെ യായിരുന്നു എന്നുതന്നെ പറയാം. കൂടാതെ ഏറ്റവും സുപ്രധാന ഘടകമായ മോണിറ്ററിംഗ് ഒരൊറ്റ പ്രൊജക്ടിൽ പോലും നടത്തിയില്ല എന്ന് കാണുന്നു. വനിതാ പ്രസിഡന്റ് സാരഥ്യം വഹിക്കുന്ന ഗ്രാമപഞ്ചായത്തിൽ വനിതാ വികസന വർക്കിംഗ് ഗ്രൂപ്പ് 2തവണ യോഗം ചേർന്നെങ്കിലും ഈ മേഖലയിൽ നൂതനവും, വികസനോന്മുഖവുമായ നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ഉണ്ടായില്ല. സ്ത്രീകളുടെയും, കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി പ്രദേശത്തെ സാമൂഹിക, സാമ്പത്തിക ചുറ്റുപാടുകൾ വിലയിരുത്തി പദ്ധതികൾ നിർദ്ദേശിക്കാനും കഴിഞ്ഞില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നത് വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും ഫലപ്രദമായി നടത്തുന്നതിന് വേണ്ട മുന്നൊരുക്കവും ഇടപെടലുകളും നടത്തുക, തീരുമാനങ്ങൾ ഭരണസമിതിയെക്കൊണ്ട് വേഗത്തിൽ എടുപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക, നിർദ്ദേശങ്ങൾ മറ്റു സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയ്ക്ക് സമയാസമയങ്ങളിൽ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. ഈ രംഗത്ത് പ്രസ്തുത സ്റ്റാൻഡിംഗ് കമ്മിറ്റി യുടെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല. യോഗങ്ങൾ ചേർന്നുവെങ്കിലും സജീവമായ ഇടപെടലുകളുടെ അഭാവം എടുത്തുപറയേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി. യോഗങ്ങൾ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുക എന്നതിനപ്പുറം ക്രിയാത്മകമായ നിർദ്ദേശങ്ങളോ,തീരുമാനങ്ങളോ എടുത്തിട്ടില്ല. നിരവധി വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയിൽ നിന്നും തൊഴിൽനികുതി, ഡിആന്റ് ഒ ലൈസൻസ് എന്നിവ കൃത്യമായി പിരിച്ചെടുക്കാൻ കഴിയുന്നില്ല. വികസന കാര്യസ്റ്റാന്റിംഗ് കമ്മറ്റി, പദ്ധതി നിർവ്വഹണപുരോഗതി വിലയിരുത്തൽ ഓരോ യോഗത്തിലും നടത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി, ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആവിഷ്കരിക്കാനുതകുന്ന ചർച്ചകൾ ഉയർന്നുവരുന്നില്ല. വിവിധ ക്ഷേമപെൻഷൻ അപേക്ഷകൾ അംഗീകരിക്കുന്ന പ്രധാന അജണ്ടയിൽ നിന്നും വ്യത്യസ്തമായ ചർച്ചകളൊന്നും തന്നെ, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി നടത്തിയിട്ടില്ല. ആരോഗ്യ, വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മറ്റി ഈ മേഖലയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ചർച്ചചെയ്തിട്ടുണ്ട്.

24-03-18 ൽ ചേർന്ന വികസന സെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും, ഗ്രാമസഭ മെമ്പർമാരും, പൊതുജനങ്ങളും, ജനപ്രതിനിധികളും അടക്കം 62 പേരാണ് പങ്കെടുത്തതായി കാണുന്നത്. വികസന സെമിനാറിലെ പല നിർദ്ദേശങ്ങളും പരിഗണിച്ചോ ഇല്ലയോ എന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വികസനസെമിനാറിൽ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

മേൽ ഘടകങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി, ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിനായുള്ള ഗുണപരവും, ക്രിയാത്മകവുമായ സംഭാവനകൾ നൽകുന്ന ഘടകങ്ങളായി മാറാനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഖണ്ഡികയിലെ പരാമർശങ്ങൾ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്കും, സ്റ്റാന്റിംഗ് കമ്മറ്റികൾക്കും രേഖാമൂലം

നൽകാനും ആയതും അതാത് ഘടകങ്ങളുടെ മറുപടിയും അതാത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്താനും നിർദ്ദേശിക്കുന്നു.

# 1-20 കന്നുകുട്ടി പരിപാലന പദ്ധതി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 50/19, കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 2,00,000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 2,00,000/- |
| ബിൽ നമ്പർ | 8/18-19 തീയതി 20.03.2019 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നിർവ്വഹണം നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2018-19 ൽ 2,00,000/- രൂപ പ്രോജക്ട് ഓഫീസർ, ആലുവയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷുറൻസ് എന്നിവ ലഭ്യമാക്കുന്നതിനാണ് തുക കൈമാറുന്നത്. എന്നാൽ കൈമാറിയ മുഴുവൻ തുകയും കാര്യക്ഷമമായി വിനിയോഗിച്ചോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. ക്ഷീര വികസനം ലക്ഷ്യമിട്ട് കൈമാറുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് തുക കൈമാറിയതിനുശേഷം നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. പദ്ധതി പൂർത്തിയാകുന്നതിന് മുൻപ് കന്നുകുട്ടികൾ ചത്തു പോകുകയോ, മറ്റ് കാരണങ്ങളാൽ തുക മിച്ചം വരികയോ ചെയ്താൽ പ്രോജക്ട് ഓഫീസറുടെ പക്കൽ തുക അവശേഷിക്കാറുണ്ട്. പ്രോജക്ട് ഓഫീസർക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതിനായി 19.12.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും |
| പ്രോജക്ട് നം | S048/2019 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ, ജി എൽ പി എസ് |
| അടങ്കൽ | 160000/-(എസ് സി പി) |
| [illegible] | [illegible] |

| | |
|---|---|
| ചെലവ് | 99544/- |
| ബിൽ നമ്പർ/ ചെക്ക് നമ്പർ | 2/18-19 തീയതി 14.03.2019 തുക 99544/- |

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/2018 ത സ്വ ഭ വ തീയതി 14.02.2018 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം പഠനോപകരണങ്ങൾ നൽകേണ്ടത്. ഇതിൽ നിന്ന് തന്നെ സ്കൂൾ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതിയാണിതെന്ന് വ്യക്തമാണ്. ഫർണ്ണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യാനാണ് മാർഗ്ഗരേഖ നിർദ്ദേശിക്കുന്നത്. എന്നാൽ പദ്ധതിയിലെ ഒരു ഗുണഭോക്താവായ അമർനാഥ് മണ്ണപ്പിള്ളിക്കുടി, ഒക്കൽ പി ഒ എന്ന ഗുണഭോക്താവ് സെന്റ് മേരീസ് കോളേജ് ഓഫ് കൊമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ് എന്ന കോളേജിലെ രണ്ടാം വർഷ ബി.ബി.എ വിദ്യാർത്ഥിയാണ്. ടിയാൾക്ക് 11/19 നമ്പർ പ്രോജക്ടിൽ ലാപ് ടോപ്പ് നൽകിയിട്ടുമുണ്ട്.

2. വൈഷ്ണവി തങ്കപ്പൻ, പാറയ്ക്കൽ വീട് എന്ന വിദ്യാർത്ഥിനി റേഷൻ കാർഡ് പ്രകാരം (കാർഡ് നം.1738081810) രായമംഗലം പഞ്ചായത്തിലെ സ്ഥിരതാമസക്കാരിയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി 16.12.2018) മറുപടി ലഭ്യമാക്കിയില്ല. പദ്ധതിപ്പണം ചെലവഴിക്കുക എന്ന ലക്ഷ്യം മാത്രം മുൻ നിർത്തി സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രോജക്ടുകൾ നടപ്പിലാക്കുന്ന പ്രവണത കർശനമായും ഒഴിവാക്കേണ്ടതാണ്. വൈഷ്ണവി തങ്കപ്പൻ എന്ന വിദ്യാർത്ഥിനിക്ക് രായമംഗലം പഞ്ചായത്തിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്നതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

# 1-22 തുല്യതാപരീക്ഷക്ക് ഫീസ്

| | |
|---|---|
| പ്രോജക്ട് നം. | S046/19 |
| പ്രോജക്ടിന്റെ പേര് | തുടർസാക്ഷരത 7,10,12 തുല്യതാപഠനം, ബോധവൽക്കരണം, തൊഴിൽ പരിശീലനം, കലോൽസവം നടപ്പിലാക്കുന്നതിന് |
| അടങ്കൽ | 50000/-( വികസനഫണ്ട്-സാധാ) |
| ചെലവ് | 48350/- |
| ബിൽ നമ്പർ | 01/18-19 തീയതി 14.03.2019 |

ഹെഡ്മാസ്റ്റർ, ജി എൽ പി എസ് നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ 10,11,12 ക്ലാസ്സുകളിലെ തുല്യതാപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ ഫീസിനത്തിൽ താഴെപ്പറയും പ്രകാരം സംസ്ഥാന സാക്ഷരതാ മിഷന് തുക നൽകിയിട്ടുണ്ട്.

<u>പത്താം തരം (6പഠിതാക്കൾ)</u>

1,750/- x 6 = 10,500/-

<u>11 ാം തരം (11 പഠിതാക്കൾ)</u>

2,200/- x 11 =24,200/-

<u>12ാം തരം (7പഠിതാക്കൾ)</u>

1,950/- x 7 = 13,650/-

ആകെ 48,350/-

പദ്ധതിക്ക് അംഗീകാരം ലഭ്യമാകുമ്പോൾ തുടർസാക്ഷരത 7,10,12 തുല്യതാപഠനം, ബോധവൽക്കരണം, തൊഴിൽ പരിശീലനം, കലോൽസവം നടത്തിപ്പ് എന്നീ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ തുല്യതാപരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ഫീസ് നൽകൽ എന്നതിൽ മാത്രമായി പദ്ധതി ഒതുങ്ങി. ഗുണഭോക്താക്കളായ 24 പഠിതാക്കളും പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ 16.12.2019 ലെ 12ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-23 വെള്ളക്കരം-ഭീമമായ കുടിശ്ശിക

വെള്ളക്കരം ഇനത്തിൽ ഭീമമായ കുടിശ്ശികയാണ് പഞ്ചായത്തിനുള്ളത്. ജല അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 31-03-18 ലെ കുടിശ്ശിക ഡിമാന്റ് 6,370,690/-രൂപയും, 28-02-19ലേത് പിഴപ്പലിശയടക്കം 7,595,332/- രൂപയുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 185 പൊതുടാപ്പുകളാണുള്ളത്. പ്രതിവർഷം ടാപ്പൊന്നിന് 5,250/- രൂപയാണ് വെള്ളക്കരം. പ്രതിമാസം 80,938/- രൂപയാണ് പൊതു ടാപ്പുകൾക്കായുള്ള വെള്ളക്കരം. ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് 9,71,256/- രൂപ (80938 x 12) ഈയിനത്തിൽ തനത് ഫണ്ടിൽ നിന്നും ജലഅതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. ഇത് കൂടാതെ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. എസ്.155/19 പ്രകാരം 2,53,578/- രൂപ കുടിശ്ശികയിനത്തിൽ സ്രോതസ്സിൽ നിന്നും അടവാക്കിയിട്ടുണ്ട്. കൂടാതെ 2017-18ൽ പ്രോ.നം.0008/18 പ്രകാരം 1,00,000/- രൂപ റോഡിതരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും കുടിശ്ശികയിനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 2017-18 ലും, 2018-19ലും ഈയിനത്തിൽ അടവാക്കിയ തുകകൾ കുടിശ്ശിക ഡിമാന്റിൽ നിന്നും കുറവാക്കിയിട്ടില്ല. ഇതിനായി ജലഅതോറിറ്റിയുമായി കത്തിടപാടുകൾ നടത്തിയിട്ടുമില്ല. മേൽ തുകകൾ കുറവ് ചെയ്യാതെയാണ് പിഴപ്പലിശയടക്കം ഇപ്പോഴും കുടിശ്ശിക ഡിമാന്റ് ചെയ്യുന്നത്.

അടവാക്കിയ തുകകൾ ജലഅതോറിറ്റിയെ അറിയിച്ച് ഡിമാന്റിൽ കുറവ് ചെയ്യേണ്ടതാണ്. ഭീമമായ കുടിശ്ശികയ്ക്ക് കാരണം കണ്ടെത്തി പരിഹരിക്കാൻ ശ്രമങ്ങൾ നടത്തേണ്ടതാണ്.

# 1-24 ലക്ഷം വീട് കോളനിയുടെ ശോചനീയാവസ്ഥ -പുനരുദ്ധാരണ ഫണ്ട് ഉപയോഗിച്ചില്ല

ഗ്രാമപഞ്ചായത്തിലെ 6, 8 വാർഡുകളിലായുള്ള എം എൻ ലക്ഷം വീട് കോളനിയുടെ അവസ്ഥ ശോചനീയമാണെന്നും (23-4-10ലെ 32 ാം അജണ്ട, 11-12-18 ലെ 5ാം നം അജണ്ട) വീടുകൾ ഇടിഞ്ഞുപൊളിഞ്ഞു വീഴാറായെന്നും കമ്മറ്റികളിൽ അജണ്ടയായി വന്നിട്ടുണ്ട്. എം.എൻ ഭവനപുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ സംസ്ഥാന മൊട്ടാകെ ആവിഷ്കരിക്കാനായി ഫണ്ട് നൽകിയിരുന്നു. എന്നാൽ ഈ ഫണ്ട് ഒക്കൽ പഞ്ചായത്തിൽ ഉപയോഗിച്ചിട്ടില്ല. എം. എൻ ഭവനപുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പ്ളാൻ ഫണ്ടിൽ നിന്ന് പിൻവലിച്ച 7 ലക്ഷം രൂപയും, 19-03-11 ൽ ഹൗസിംഗ് ബോർഡിൽ നിന്ന് ധനസഹായമായി ലഭിച്ച് 7 ലക്ഷം രൂപയും ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചതായി പറയുന്നു. 03-03-11 ലെ ജി ഒ (ആർ ടി )708/2011/തസ്വഭവ പ്രകാരം മുഴുവൻ സബ്സിഡിയും സർക്കാർ നൽകുമെന്നും പദ്ധതി ക്കായി ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യത വരുന്നില്ലായെന്നും അതിനാൽ പദ്ധതി നടപ്പാക്കണമെന്നും ആവശ്യപ്പെട്ടെങ്കിലും, രണ്ട് ഗുണഭോക്താക്കളിൽ നിന്നും സമ്മതം ലഭിച്ച ഇരട്ട വീടുകൾ ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി ധനസഹായം ലഭിച്ചിട്ടും എം എൻ ഭവനപുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാതിരുന്നതിന്റെയും, മേൽ പറഞ്ഞ 14 ലക്ഷം രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. ) മറുപടി ലഭിച്ചില്ല. പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കേണ്ടതും നീക്കിയിരിപ്പുതുക വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

# 1-25 അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 25 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ സ്വന്തമായി കെട്ടിടം ഉള്ളവ 15, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ 10, ചുറ്റുമതിൽ ഇല്ലാത്തവ 9 എന്നിങ്ങനെയാണ് ഭൗതിക സൗകര്യങ്ങൾ. എല്ലാ അങ്കണവാടികളിലും കുടിവെള്ളം, വൈദ്യുതി കണക്ഷൻ സൗകര്യം ഉണ്ട്. 2018 ഓഗസ്റ്റിലുണ്ടായ പ്രളയം 11

അങ്കണവാടികളെ രൂക്ഷമായി ബാധിച്ചിരുന്നു. എന്നാൽ പ്രളയം കെട്ടിടങ്ങൾക്ക് ബലക്ഷയം ഉണ്ടാക്കിയോ, മറ്റ് എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടാക്കിയെന്നും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ വിലയിരുത്തിയിട്ടില്ല. അങ്കണവാടികളിലെ സാധനസാമഗ്രികൾക്കുണ്ടായ നഷ്ടം സൂപ്പർ വൈസർ സെക്രട്ടറിയെ രേഖാ മൂലം അറിയിച്ചിട്ടില്ല.

2018-19 ൽ ഇത്തരം ആവശ്യങ്ങൾക്കായി പ്രോജക്ടുകളിൽ മാറ്റം വരുത്തി പ്രളയബാധിത അങ്കണവാടികളുടെ നവീകരണത്തിനും, പുനരുദ്ധാരണത്തിനുമായി പ്ലാൻ ഫണ്ട്, തനത് ഫണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുമില്ല. തൻവർഷം – ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, പൂരക പോഷകാഹാരം – എന്നിങ്ങനെ രണ്ട് പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ, പരിസരശുചിത്വം എന്നീ കാര്യങ്ങളിൽ സ്റ്റാന്റിംഗ് കമ്മറ്റി ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതും, പ്രളയത്തിൽ നശിച്ച പാചക സാമഗ്രികൾ, പഠനോപകരണങ്ങൾ കളിപ്പാട്ടങ്ങൾ എന്നിവയ്ക്ക് പകരം നല്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്.

# 1-26 കൃഷി -പദ്ധതികൾ

| പദ്ധതിയുടെ പേര് | ജാതി കൃഷി വികസനം | തെങ്ങ് കൃഷി വികസനം | വാഴ കൃഷി വികസനം |
|---|---|---|---|
| പ്രോജക്ട് നം | 25/19 | 26/19 | 24/19 |
| അടങ്കൽ | 4,00,000/- (3,00,000/- വികസനഫണ്ട്-സാധാ, 1,00,000/- ഗുണഭോക്തൃ വിഹിതം) | 533333/-(4,00,000/- വികസന ഫണ്ട്-സാധാ, 1,33,333/- ഗുണഭോക്തൃ വിഹിതം) | 5,33,333/-(4,00,000/- വികസനഫണ്ട്-സാധാ, 1,33,333/- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 240310/- | 4,00,000/- | 4,00,000/- |

കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പരാമർശിത 3 പദ്ധതികളിലും വേപ്പിൻ പിണ്ണാക്ക്, ഡോളമൈറ്റ് എന്നിവ വാങ്ങിയതിന് ഒക്കൽ സർവീസ് സഹകരണ ബാങ്കിന് തുക കൈമാറുകയാണ് ചെയ്തിരിക്കുന്നത്. 2 പദ്ധതികളിലായി 13 ഗുണഭോക്താക്കൾക്ക് മാത്രം സബ്സിഡി തുക നേരിട്ട് നൽകിയിട്ടുമുണ്ട്. കൃഷി ഓഫീസർ തൻ വർഷം നടപ്പാക്കിയത് ആകെ 5 പദ്ധതികളാണ്. വേപ്പിൻ പിണ്ണാക്ക്, ഡോളമൈറ്റ് എന്നിവ വാങ്ങി നൽകുന്നതിന് പദ്ധതിയുടെ പേരിൽ മാത്രം ജാതി കൃഷി, തെങ്ങ് കൃഷി, വാഴ കൃഷി എന്നിവ ചേർത്തു എന്നല്ലാതെ തൈ വിതരണം നടത്തുകയോ മറ്റ് ഏതെങ്കിലും

പ്രവൃത്തികൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതു കൊണ്ട് തന്നെ നടപ്പാക്കുന്ന പദ്ധതികളുടെ എണ്ണം കൂട്ടുകയും വൈവിധ്യം പേരിൽ മാത്രം വരുത്തുകയുമാണ് ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാണ്. കർഷകരുടെ അപേക്ഷകളിൽ ചുരുക്കം ചിലവ ഒഴികെ ഭാഗികമായി മാത്രമാണ് പൂരിപ്പിച്ചിട്ടുള്ളത്. സർവീസ് സഹകരണ ബാങ്കിന് തുക കൈമാറുകയല്ലാതെ മറ്റൊരു മോണിറ്ററിംഗും നിർവ്വഹണോദ്യോഗസ്ഥരുടെയോ, മോണിറ്ററിംഗ് സമിതിയുടെയോ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. കാർഷിക രംഗത്ത് വളരെയധികം സാദ്ധ്യതകളുള്ളതും, നെൽകൃഷിയുൾപ്പെടെ വളരെയധികം കൃഷി നിലവിലുള്ളതുമായ പഞ്ചായത്തിൽ സർക്കാർ ധനസഹായം അർഹരായ കർഷകരിലെത്തിക്കേണ്ടത് പഞ്ചായത്തിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും കടമയാണ്. ഇക്കാര്യത്തിൽ മോണിറ്ററിംഗ് സമിതിയും ഭരണ സമിതിയും ക്രിയാത്മകമായി ഇടപെടേണ്ടതാണ്.

# 1-27 സമ്പൂർണ്ണ ഊർജ്ജാസൂത്രണം പൈലറ്റ് പ്രോജക്ട് -അനർട്ടിന് തുക നൽകി,പ്രോജക്ട് നടപ്പിലായില്ല

ഗ്രാമപഞ്ചായത്ത് തല സമ്പൂർണ്ണ ഊർജ്ജാസൂത്രണവും പൈലറ്റ് അക്ഷയ ഊർജ്ജോത്പാദനവും എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 2008-09 വർഷത്തിൽ 3.5 ലക്ഷം രൂപ അനർട്ടിന് നൽകിയതായും, പദ്ധതി നടപ്പിലായില്ലായെന്നും 23.04.18 ലെ പഞ്ചായത്ത് കമ്മറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ പണം നൽകിയതിന്റെ വിവരങ്ങൾ, പദ്ധതി നടപ്പിലാകാതിരുന്നതിന്റെ കാരണങ്ങൾ, അനർട്ടുമായി പദ്ധതി നടപ്പിലാക്കുന്നതിനായി നടത്തിയ ഏറ്റവും പുതിയ കത്തിടപാടുകളുടെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ, നടപ്പിലാക്കാതിരുന്നതിന്റെ കാരണങ്ങൾ എന്നിവ അനർട്ടിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. പദ്ധതി ഉപേക്ഷിച്ചെങ്കിൽ ഇതിനായി അനർട്ടിന് നൽകിയ തുക തിരികെ ലഭിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

# 1-28 കേസുകളുടെ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ഹൈക്കോടതി, ട്രിബ്യൂണൽ, കീഴ്കോടതികൾ എന്നിവിടങ്ങളിൽ കേസുകൾ ഉണ്ട്. ലീഗൽ ചാർജസ് ഇനത്തിൽ 43,000/- രൂപ ചെലവ് വന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കേസുകളുടെ വിവരങ്ങൾ അവയിൽ പഞ്ചായത്തിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകർ ആരെല്ലാമാണ്, 2018-19 ൽ ഓരോ കേസിനും ഫീസിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ, കേസുകളിൽ ഓരോന്നിലും

പഞ്ചായത്ത് എത്രാമത്തെ കക്ഷിയാണ് എന്നീ വിവരങ്ങളൊന്നും തന്നെ പരിശോധിക്കാനുതകുന്ന രേഖകൾ സൂക്ഷിക്കുന്നില്ല. കേസുകൾ സംബന്ധിച്ച് സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും, വിശദ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നില്ല. നിലവിലുള്ള കേസുകൾ, തീർപ്പാക്കിയവ, തുടർനടപടികൾ ആവശ്യമുള്ളവ, കോടതി നിർദ്ദേശങ്ങൾ പാലിക്കേണ്ട കേസുകളിൽ ആയത് നിർദ്ദേശാനുസരണം, സമയബന്ധിതമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനും സ്യൂട്ട് രജിസ്റ്റർ അത്യന്താപേക്ഷിതമാണ്. കേസുകളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്ത് ഗൗരവമായി കാണേണ്ടതും കേസുകൾ സംബന്ധിച്ച രേഖകൾ ഉത്തരവാദിത്തോടെ സൂക്ഷിക്കേണ്ടതുമാണ്. ലഡ്ജർ പ്രകാരം (ഹെഡ് 220510102) തൻവർഷം 43,000/- രൂപ ലീഗൽ ചാർജസ് നൽകിയിട്ടുണ്ടെങ്കിലും രജിസ്റ്ററുകളോ ഫയലുകളോ കൃത്യമായി സൂക്ഷിക്കാത്തതിനാൽ, കേസുകളുടെ നടത്തിപ്പ് ഫീസ് നൽകൽ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിലെ കേസ്സുകൾ നടത്തുന്നതിനുള്ള വക്കീൽ ഫീസ് പുതുക്കി നിശ്ചയിച്ച 18.02.16 ലെ ഉത്തരവ് പ്രകാരം സ.ഉ(എം എസ് ) നം 36/16/തസ്വഭവ എന്നിവയിലെ ഫീസ് സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല. 1961 ആദായ നികുതി ആക്ട് സെക്ഷൻ 194ജെ പ്രകാരം ഒരു വർഷം 30,000/- രൂപയ്ക്കുമേലുള്ള പ്രൊഫഷണൽ ചാർജുകൾക്ക് 10% നിരക്കിൽ ആദായ നികുതി ഈടാക്കിയിട്ടുണ്ടോയെന്നും, വിവിധ കോടതികൾ, ട്രിബ്യൂണൽ, ഓംബുഡ്സ്മാൻ, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവിടങ്ങളിലായി എത്ര കേസുകൾ നിലവിലുണ്ട്, അവയിൽ പഞ്ചായത്തിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകർ ആരെല്ലാമാണ്, എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1 ) മറുപടി ലഭിച്ചില്ല.

.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വരവ്-വ്യക്തമായ നഷ്ടം

## പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.06.2019 മുതൽ 15.06.2019 വരെ | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1227(66)/19 തീ. 02.8.2019 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 219800 | ക്ഷീരസഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 219800 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 425000 | നെൽകൃഷി വികസനം കൂലിച്ചെലവ് സബ്സിഡി | 425000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 635000 | വനിതാ വികസന കേന്ദ്രം | 399279 | 235721 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 160000 | പാലിന് സബ്സിഡി | 160000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 600000 | ലൈഫ് ഭവന പദ്ധതി ഒന്നാം ഘട്ടം | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 30000 | ലൈഫ് ഭവന പദ്ധതി എസ് സി | 0 | 30000 |

ക്ഷീര സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡിയിനത്തിലെ ജില്ലാ പഞ്ചായത്ത് വിഹിതം 2,19,800/- രൂപ ബ്ലോക്ക് വിഹിതമിനത്തിലാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയത്. കൂടാതെ നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ 1,70,000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതം രണ്ട് പ്രാവശ്യം വരവ് വച്ചതിനാൽ ഈ തുകയിൽ ഇരട്ടിപ്പും വന്നിട്ടുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ വരവും യഥാർത്ഥ വരവും തമ്മിൽ അന്തരമുണ്ട്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 30/19 തെരുവ് വിളക്കുകൾക്ക് മീറ്ററിങ്ങ് | 25/18-19 15.11.18 | 1000000 | 0 | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 153/19 ലൈൻ എക്സ്റ്റൻഷൻ | 33/18-19 06.03.19 | 45902 | 0 | ,, |
| കെ.എസ്.ഇ.ബി | 36/19 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 38/14-3-19 (29184/-) & 46/28-3-19 (6615/-) | 35799 | 0 | ,, |
| കെ.എസ്.ഇ.ബി | 38/19 പുതിയ പോസ്റ്റ് സ്ഥാപിക്കൽ | 36/18-19 07.03.19 | 63755 | | ,, |
| കേരള ജല അതോറിറ്റി | 32/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 35/18-19 06.03.19 | 2492000 | 0 | ,, |
| | [illegible] | [illegible] | [illegible] | [illegible] | |

| | | | | | |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | 108/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 10/18-19 26.06.18 | 200000 | 0 | ,, |

കെ.എസ്.ഇ.ബിക്ക് പ്രോജക്ട് നമ്പർ 30/19 പ്രകാരം നൽകിയ 1035799/-രൂപ വാർഷിക ധനകാര്യപത്രികയിൽ Advance to implementing agencies എന്ന ഹെഡ്ഡിന് പകരം 410800101 Other Fixed Assets എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ഈയിനത്തിലെ ചെലവിൽ 10,35,799/-രൂപയുടെ കുറവുണ്ട്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 1098/2010/ ത സ്വ ഭ വ 27.03.2010 | 8353500 | 467107 | 0 | 0 | 467107 |
| ലൈഫ് ഭവനപദ്ധതി | സ ഉ (എം എസ്) 2278/18/ ത സ്വ ഭ വ 18.08.2018 | - | - | - | - | 5508912 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഒന്നും ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നും തന്നെ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) <u>സംക്ഷിപ്ത വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66358932 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 63230268 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2257956 |

**ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2234456 | ശ്രീ.വി.എസ്.സുരേഷ് ബാബു, സെക്രട്ടറി |
| 1-17 | 23500 | ശ്രീ.മധുസൂദനൻ.ടി.ജി., അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.എസ്.സുരേഷ് ബാബു, സെക്രട്ടറി | സെക്രട്ടറി, കുവപ്പടി ഗ്രാമപഞ്ചായത്ത് | വാടശ്ശേരി ഹൗസ്, പൂക്കാട്ടുപടി, എറണാകുളം |
| ശ്രീ.മധുസൂദനൻ.ടി.ജി., അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, മാള ഗ്രാമപഞ്ചായത്ത് | ശ്രീനിലയം ഹൗസ്, ഒക്കൽ.പി.ഒ., പെരുമറ്റം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ എഫ് ഇ (പി2)/59/07 തീയതി:09.02.2007/17.04.2007 |
| 2001-02 | എൽ എഫ് ഇ (പി2) /60/07 തീയതി: 9.02.2007/02.07.2007 |
| 2002-03 | എൽ എഫ് ഇ (പി2)/133/10 തീയതി:23.12.2010/03.05.2011 |
| 2003-04 | എൽ എഫ് ഇ (പി2) /134/10 തീയതി:23.12.2010/03.05.2011 |
| 2004-05 | എൽ എഫ് ഇ (പി2) /135/10 തീയതി:23.12.2010/03.05.2011 |
| 2005-06 | എൽ എഫ് ഇ (പി2) /136/10/ തീയതി:23.12.2010/03.05.2011 |
| 2006-07 | എൽ എഫ് ഇ (പി2) /137/10 തീയതി:23.12.2010/03.05.2011 |

| | |
|---|---|
| 2007-08 | എൽ എഫ് ഇ (പി2) /943/11<br>തീയതി:09.03.2012/16.04.2012 |
| 2008-09 | എൽ എഫ് ഇ (പി2) 944/11<br>തീയതി:09.03.2012/16.04.2012 |
| 2009-10 | എൽ എഫ് ഇ (പി2) 1845/11<br>തീയതി:21.10.2011/10.11.2011 |
| 2010-11 | എൽ എഫ് ഇ (പി2)1846/11<br>തീയതി:21.10.2011/10.11.2011 |
| 2011-12 & 2012-13 | എൽ എഫ് ഇ (പി2) 1339/2014<br>തീയതി: 08.01.2015 |
| 2013-14 &<br>2014-15 | കെ.എസ്.എ.ഇ.കെ.എം.<br>(പി2) 2023/2015 തീയതി: 08.01.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.<br>(പി2) 1989/2016 തീയതി: 07.12.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.<br>(പി2) 1922/2017 തീയതി: 22.11.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.<br>(പി2)121/2019 തീയതി: 06.02.2019 |

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

# <u>അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ,

നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**<u>അപാകതകളുടെ സംഗ്രഹം</u>**

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. Profession Tax- Employees എന്ന ഇനത്തിന്റെ DCB Register-ൽ Current Balance തുകയായി 3,03,970/- രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ Balance Sheetലെ B-15 ഷെഡ്യൂളിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല. DCB തയ്യാറാക്കിയത് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.
2. നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയിൽ കെ എസ് ഇ ബിക്ക് 2 പദ്ധതികളിലായി നൽകിയിട്ടുള്ള 10,00,000/- രൂപ അഡ്വാൻസ് ഇനത്തിൽ ഉൾപ്പെടുത്താത്തത് മൂലം ഈ ശീർഷകത്തിലെ ചെലവിൽ 10,00,000/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.
3. Joint Venture ട്രഷറി അക്കൗണ്ടിൽ യഥാർത്ഥ ബാലൻസ് വരേണ്ടത് 7,25,721/- രൂപയാണ്. എന്നാൽ 8,95,721/- രൂപയാണ് വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിരിക്കുന്നത്. 1,70,000/- രൂപ കൂടുതല്ല ചേർത്തിരിക്കുന്നു. ജില്ലാപഞ്ചായത്ത് വിഹിതമായ 2,19,800/- രൂപ തെറ്റായി ബ്ലോക്ക് വിഹിതമിനത്തിൽ വരവ് വയ്ക്കുകയും ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 1,70,000/-രൂപ തെറ്റായി രണ്ട് പ്രാവശ്യം ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.
4. ആസ്തികളുടെ നവീകരണ ചെലവുകൾ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സചിത്ര-സാംഖ്യ Integration പൂർത്തിയായിട്ടില്ല.
5. AFS പ്രകാരമുള്ള Property Tax Balance തുകകൾ (Residential & Non Residential) സഞ്ചയ പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6. 2018-19 രണ്ടാം അർദ്ധ വർഷത്തെ വസ്തു നികുതി വരവ് പ്രകാരം ലൈബ്രറി സെസ്സ് 2,45,215/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ 2,18,103/- രൂപയാണ് ചേർത്തിരിക്കുന്നത്. ഇതിൽ 27,112/- രൂപയുടെ കുറവുണ്ട്. B-15 ഷെഡ്യൂളിൽ ആകെ വസ്തുനികുതി (LC സഹിതം) 16,69,254/- രൂപയാണ്. ആയതിന്റെ 5% ആയ 79,488/- രൂപയാണ് ലൈബ്രറി സെസ് ആയി പ്രസ്തുത തുകയിൽ ഉൾപ്പെട്ടിരിക്കുന്നത്. എന്നാൽ പിരിച്ചെടുക്കാനുള്ള തുകയുടെ ലൈബ്രറി സെസ് ആയി വാർഷിക പത്രികയിൽ കാണിച്ചിരിക്കുന്നത് 81,419/- രൂപയാണ്. 1,931/- രൂപയുടെ വ്യത്യാസം കാണുന്നു.
7. വസ്തുനികുതിയിനത്തിൽ I-18 ഷെഡ്യൂളിൽ വൻ തുകകൾ ജേർണൽ എൻട്രി നടത്തി ഡിമാന്റിൽ വ്യത്യാസം വരുത്തിയതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങളും മേൽ വ്യത്യാസം ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകളും ഹാജരാക്കിയില്ല.
8. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **OKKAL GRAMA PANCHAYATH** in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayath Raj Accounting Rules 2011, and the guidelines issued by the Comptroller and Auditor General of India for the purpose

of Certification of accounts of Panchayat Raj Institutions, and the instructions vide GO(Rt.) 1413/2018/LSGD, Dated.22.5.2018.

In my opinion, the Financial Statement of **OKKAL GRAMA PANCHAYATH** for the year 2018-19 subject to the observations in the annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Abstract of defects

1. In the DCB Statement of Profession Tax (Employees) Rs.3,03,970/- is shown as Current Balance. But that amount is not recorded in the B-15 Shedule. The DCB statement should be verified and necessary changes to be made.
2. The Opening Balance, Receipt, Payment and Closing Balance of NREGS Administrative Expenses shown in the Receipt and Payment Statement of the AFS are not reconciling each other.
3. In the RP-40(b) Schedule the Closing Balance of TSB Accounts for Joint Venture Projects is shown as 895721. But in the B-4 Schedule of the Balance Sheet the remaining amount of Joint Venture Project Account is recorded as Rs.4,13,467/- only (235730+177737).
4. In the Asset Register (prepared on the basis of Sachithra software), the renovation expenses of the assets are not properly accounted.
5. The Accounts of Property Tax in AFS differs from Sanchaya Accounts. The Balance amount of the Property Tax (Residential & Non-Residential) recorded in the AFS are not reconciling with the Balance amount as per DCB Statement.
6. As per the B-15 schedule,the receivable property tax with library cess is Rs.16,69,254/-. The actual Library Cess to be received is Rs.79,488/-. But the Library Cess of the Property Tax to be collected is Rs. 81,419 has been shown in AFS. There is a difference of Rs.1,931/-
7. The details of changes made in the demand of Property Tax (I-18 Prior Period Item), after the purification process of Property Tax was not provided for verification.

8. Ratios and Notes on Accounts are not submitted with the AFS.

**DEPUTY DIRECTOR**